ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ചർച്ചയ്ക്കു വിളിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വിളിക്കാം, ഞാൻ agree ചെയ്യുന്നു. ആരെയാണ് വിളിക്കേണ്ടത്?

ശ്രീ. മത്തായി ചാക്കോ: സർ, ഇവിടെ സി. പി. എം. നെതിരായി ദുരുദ്ദേശപരമായിട്ടുള്ള വർത്തമാനം പറഞ്ഞു. കേരളത്തിൽ ഒരു പരീക്ഷ നടത്തുന്നതിനും ഞങ്ങളുടെ പാർട്ടി എതിരല്ല,....(ബഹളം)..... സി. പി. എം. കേരളത്തിലെ ഒരു പരീക്ഷ നടത്തുന്നതിനും തടസ്സമല്ല, കെ. എസ്. ടി. എ. എന്ന സംഘടനയും തടസ്സമല്ല. അവർ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ, അത് പരിഹരിക്കണം. അദ്ധ്യാപക സംഘടനകളുടെ ഐക്യസമരം നടന്നു. മിനിഞ്ഞാന്ന് മന്ത്രിതന്നെ പങ്കെടുത്ത പരിപാടിയിൽ ധർണ്ണ നടത്തിയിരുന്നു. ഇത് പരിഹരിക്കുന്നതിന് ഇന്നുതന്നെ അവരെ വിളിച്ച് ചർച്ച ചെയ്താൽ സഹകരണമുണ്ടാകും. പരീക്ഷ നടത്തുന്നതിന് ഒരു തടസ്സവുമില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്യാം. നാളെയാണ് പരീക്ഷ തുടങ്ങേണ്ടത്. ശ്രീ. മത്തായി ചാക്കോ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവരെ വീണ്ടും വിളിച്ച് സംസാരിക്കാം. ഇനി പരീക്ഷ നാളെ തുടങ്ങുന്നില്ല. അത് ഒഴിവാക്കുന്നില്ല, ഒഴിവാക്കാൻ നമുക്ക് പറ്റില്ലല്ലോ. നമ്മുടെ മുമ്പിൽ 28 വരെ ഡേറ്റുണ്ട്. അതുകൊണ്ട് ഞാൻ അവരെ വിളിച്ചുകൂട്ടാം; ഒരു ധാരണയുണ്ടാക്കാം, ആ ധാരണയുണ്ടാക്കുന്ന കാര്യത്തിൽ നിങ്ങളുടെകൂടി സഹകരണം വേണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

## V പരാമർശം

(1) ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്

മി. സ്പീക്കർ: ഇവിടെ ചോദ്യങ്ങൾക്ക് മറുപടി തരുന്നതിനെ സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. സാജുപോൾ തുടങ്ങി നിരവധി അംഗങ്ങൾ എഴുതി തന്നിട്ടുണ്ട്. എന്റെ ശ്രദ്ധയിലും പെട്ടിട്ടുണ്ട്. 11-00 a.m.] I am also convinced. പല പ്രാവശ്യവും ഇവിടെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണിത്. ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം കിട്ടാത്തതിന്റെ നമ്പർ കുറഞ്ഞിട്ടുണ്ട്. That is good. അതേ സമയത്തു തന്നെ ചോദ്യങ്ങൾക്കു നൽകാവുന്ന ഉത്തരങ്ങൾ പോലും തരാതെ ഒറ്റയടിക്ക് വിവരം ശേഖരിച്ചു വരുന്നു എന്ന് പറയുന്നുണ്ട്. That means you are not applying your mind. ഉദ്യോഗസ്ഥർക്ക് അങ്ങനെയൊരു പ്രവണതയുണ്ട്. മിനിസ്റ്റർ റിപ്ലൈ ഒപ്പിടുമ്പോൾ, അതിൽ ഏതെല്ലാം Sub-section-ന് ഉത്തരം തരാവുന്നതുണ്ടോ അതെങ്കിലും തരുന്നതിനുവേണ്ടി ശ്രമിക്കണം. ഭാഗികമായി ഉത്തരം തരാൻ പറ്റുന്ന പല ചോദ്യങ്ങളിലും 'വിവരം ശേഖരിച്ചു വരുന്നു' എന്നുള്ള സ്ഥിരം പല്ലവി ആകുന്നതു നല്ലതല്ല, ഇത് പല പ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണ്. ഇത് നിങ്ങളുടെ ഒരു അവകാശമെന്നുള്ള നിലയ്ക്ക് ചെയർ അതിൽ വളരെ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സാധാരണ അൺസ്റ്റാർഡ് ക്വസ്റ്റ്യൻസ് ധാരാളം വരാറുണ്ട്. അങ്ങ് ഇപ്പോൾ ഒരു ഒബ്സർവേഷൻ നടത്തിയതുകൊണ്ട്, കണക്കുകൾ വച്ച് എനിക്ക് വിശദീകരിക്കാൻ പറ്റുന്നില്ല. കൂടുതൽ ആൻസർ കൊടുക്കുന്ന ഒരു ട്രെന്റ് ഉള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായ രൂപത്തിൽ, ആൻസർ കൊടുക്കുന്ന കാര്യത്തിൽ, ഒരു വിരക്തി മന്ത്രിമാരുടെ ഭാഗത്തുനിന്നും ഇല്ല എന്ന് അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നു.

മി. സ്പീക്കർ: ഇംപ്രൂവുമെന്റുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇവിടെ പോയിന്റൗട്ടു ചെയ്ത പല ചോദ്യങ്ങളിലും ചെയ്യാവുന്ന ചിലത് ചെയ്തിട്ടില്ല എന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, 31-10-2003-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്തു കൊടുത്ത ചോദ്യങ്ങൾക്കുള്ള മറുപടി പോലും എനിക്കു കിട്ടിയത് 5-10-2004-നാണ്.

(2) മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാരംഗത്തുള്ള അപര്യാപ്തത

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വളരെ ഗൗരവപ്പെട്ട, പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഇന്നു പത്രങ്ങളിൽ വന്ന വാർത്തയെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. നമ്മുടെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് എത്രയുംവേഗം സുഖം പ്രാപിച്ച് സഭയിൽ വരാൻ കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. പക്ഷേ ഇന്നു പത്രത്തിൽ വന്ന വാർത്തകളും ഞങ്ങൾ ഇന്നലെ കേട്ടതും ഇവിടെ പറയുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഇത്രയും ഗുരുതരാവസ്ഥയിൽ കൊണ്ടുവന്നിട്ട് എക്സ്റേ എടുക്കാനും പരിശോധന നടത്താനും കഴിഞ്ഞില്ല. എക്സ്റേ ഫിലിം പോലും അവിടെ ഇല്ലാത്തതുകൊണ്ട് ട്രീറ്റുമെന്റ് നൽകാൻ ഏതാണ്ട് 45 മിനിട്ടു സമയം വൈകി എന്നും മറ്റൊരു ആശുപത്രിയിൽ നിന്നും എക്സ്റേ ഫിലിം വരുത്തി അദ്ദേഹത്തിനു എക്സ്റേ എടുക്കേണ്ടിവന്നു എന്നുമാണ് വാർത്ത. ഇത് അത്യന്തം ഉൽകണ്ഠാജനകമാണ്, ആശങ്കയുളവാക്കുന്നതാണ്. കേരളാ ഗവർണ്ണർ ആയിരുന്ന സിക്കന്തർ ബക്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ടും മുൻമന്ത്രി ശ്രീ. പി. ശങ്കരന്റെ ചികിത്സയുമായി ബന്ധപ്പെട്ടും തിരുവനന്തപുരം മെഡിക്കൽ കോളേജിനെപ്പറ്റി വന്ന വാർത്തകൾ നമ്മുടെ മുമ്പിലുണ്ട്. പാവപ്പെട്ട ആളുകളും സാധാരണക്കാരായ ആളുകളും പോകുന്ന മെഡിക്കൽ കോളേജിന്റെ സ്ഥിതി ഇതാണ്. കുറെ ദിവസങ്ങളായി അവിടത്തെ ലാബുകളും പല ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നില്ല എന്നാണ് വാർത്ത. അതുകൊണ്ട് അടിയന്തിരമായ ശ്രദ്ധ ഇക്കാര്യത്തിൽ കൊടുക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly